**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യൻകാളി നഗര തൊഴിൽ ഉറപ്പ് പദ്ധതി എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).1951/13/തസ്വഭവ തീയതി, തിരുവനന്തപുരം,24.07.2013

---

പരാമർശം:- 1. 04.02.2012-ൽ ചേർന്ന അയ്യങ്കാളി നഗര തൊഴിൽ ഉറപ്പ് സംസ്ഥാന കൗൺസിലിന്റെ പ്രഥമ യോഗത്തിന്റെ നടപടിക്കുറിപ്പ്.

2. നഗരകാര്യ ഡയറക്ടറുടെ 28.05.2013-ലെ ഡി.സി.5-5559/12 നമ്പർ കത്ത്.

**ഉത്തരവ്**

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ മോണിറ്ററിംഗിനും നിയന്ത്രണത്തിനും സംസ്ഥാനതലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ചെയർമാനും നഗരകാര്യ വകുപ്പ് ഡയറക്ടർ കൺവീനറും താഴെ പറയുന്നവർ അംഗങ്ങളായും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കാൻ സൂചന (1) പ്രകാരം തീരുമാനിക്കുകയുണ്ടായി.

1. ബഹുമാനപ്പെട്ട തിരുവന്തപുരം മേയർ
2. മുനിസിപ്പൽ ചെയർമാൻസ് ചേംബറിന്റെ ചെയർമാൻ
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം, കൊച്ചി, കോഴിക്കോട്.
4. സെക്രട്ടറി, കൊച്ചി നഗരസഭ.
5. നഗരസഭാ സെക്രട്ടറീസ് അസോസിയേഷന്റെ സെക്രട്ടറി.

2. ആയതിനാൽ അയ്യങ്കാളി നഗര തൊഴിൽ ഉറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് മുകളിൽ സൂചിപ്പിച്ച പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവുണ്ടാകണമെന്ന് സൂചന (2) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അയ്യങ്കാളി നഗര തൊഴിൽ ഉറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനതലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ചെയർമാനും നഗരകാര്യ വകുപ്പ് ഡയറക്ടർ കൺവീനറും മുകളിൽ ചേർത്തിരിക്കുന്ന 1 മുതൽ 5 വരെയുള്ള പ്രതിനിധികൾ അംഗങ്ങളായും ഉള്ള എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
കെ.പി.ചന്ദ്രപ്രകാശ്.
അഡീഷണൽ സെക്രട്ടറി

To

1. നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ കമ്മിറ്റി അംഗങ്ങൾക്കും (നഗരകാര്യഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ